LIBRARY ARCHIVES Kerala Legislative Assembly

രണ്ട് രൂപയ്ക്ക് അരി നല്കുന്ന നടപടി

86 (152) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും രണ്ട് രൂപ നിരക്കിൽ അരി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എന്നു മുതൽ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) വരുമാന പരിധി മാനദണ്ഡമാക്കാതെ എല്ലാ കുടുംബത്തിനും പ്രതിമാസം എത്ര കിലോ അരി വീതം ലഭ്യമാക്കാനുള്ള നിർദ്ദേശമാണ് സർക്കാർ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി ഏത് തരം അരി എപ്രകാരം സംഭരിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ;

(ഇ) ഇതിനായി ആവശ്യമായ അരി ലഭ്യമാക്കുന്ന കാര്യം കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രാലയവുമായി ചർച്ച ചെയ്യുകയുണ്ടായോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) പുതുതായി 5 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടെ 40 ലക്ഷം കുടുംബങ്ങളെ രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിധി മാനദണ്ഡമാക്കാതെ കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതി ബാധകമാക്കുന്നതിന് പല ഘടകങ്ങളും പരിശോധിക്കേണ്ടതുണ്ട്. സാമ്പത്തിക ബാധ്യത അരിയുടെയും മറ്റു ഭക്ഷ്യ ധാന്യങ്ങളുടെയും ലഭ്യത ഇവയൊക്കെ പരിഗണിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ ഒരന്ത്യ തീരുമാനത്തിലെത്താൻ കഴിയൂ.

റേഷൻ കാർഡ് വിതരണം

87 (153) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ റേഷൻ കാർഡ് വിതരണം പൂർത്തിയാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

(ബി) അപേക്ഷ നൽകിയ എത്രപേർക്ക് ഇനി റേഷൻകാർഡ് വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ ഓൺലൈനായി സ്വീകരിച്ചതിനുശേഷം കാർഡ് വിതരണത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ ;

(ഡി) പുതിയ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതുക്കിയ റേഷൻ കാർഡ് വിതരണം സംസ്ഥാനത്താകെ 31-3-2010-ൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ പുതിയ റേഷൻ കാർഡിന് അപേക്ഷ നല്കിയിട്ടുള്ള 9,86,082 അപേക്ഷകളിൽ 1,43,304 പേർക്ക് കാർഡ് നല്കാനുണ്ട്.

(സി) ഉണ്ട്.

(ഡി) ബാക്കിയുള്ള റേഷൻ കാർഡിനുള്ള അപേക്ഷകളിൽ 31-12-2010-ന് മുൻപായി കാർഡ് വിതരണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പുതിയ റേഷൻ കാർഡുകളുടെ വിതരണം

88 (154) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) റേഷൻ കാർഡിലെ തെറ്റു തിരുത്തുന്നതിനും, റേഷൻകട മാറ്റുന്നതിനും അപേക്ഷ നൽകിയവർക്ക് ഇതേവരെ പുതിയ കാർഡുകൾ അനുവദിച്ച് നൽകിയിട്ടില്ലെന്നതുകൊണ്ട് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം 31-3-2010-ൽ പൂർത്തിയായി. തുടർന്ന് പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. അതിന്മേൽ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു വരികയാണ്. അപേക്ഷകൾ ഓൺലൈനായും നേരിട്ടും ലഭിച്ചുകൊണ്ടിരിക്കുന്നതിന് അനുസരിച്ച് പുതിയ റേഷൻ കാർഡുകളുടെ

LIBRARY ARCHIVES Kerala Legislative Assembly